പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4297 | 24.06.2019 ൽ മറുപടിയ്ക്ക്

**മലമ്പുഴ ഐ.ടി.ഐ. ജീവനക്കാർക്കുള്ള ബത്ത**

*ചോദ്യം*
ശ്രീ.ഷാഫി പറമ്പിൽ :

*ഉത്തരം*
ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) മലമ്പുഴ ഐ.ടി.ഐ. ജീവനക്കാർക്ക് ട്രെയിനിംഗിന് പോകുന്നതിന് ലഭിക്കുന്ന ബത്തകൾ മുടങ്ങിയ സാഹചര്യമുണ്ടോ; എങ്കിൽ എന്നുമുതൽ കുടിശ്ശികയുണ്ട്; | (എ) ഉണ്ട്. 2014 നവംബർ മുതൽ 2015 ഫെബ്രുവരി വരെയുള്ള കാലയളവിൽ ട്രെയിനിംഗിൽ പങ്കെടുത്ത 8 ജീവനക്കാരുടെയും 2016 ആഗസറ്റ് മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ ഒരു ജീവനക്കാരന്റെയും യാത്രാബത്ത കുടിശ്ശിക ആയിട്ടുണ്ട്. |
| (ബി) മേല്പറഞ്ഞ കുടിശ്ശികയുണ്ടായതിനുള്ള കാരണമെന്താണ്; ആയത് അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) 2014 നവംബർ മുതൽ 2015 ഫെബ്രുവരി വരെയും 2016 ആഗസ്റ്റ് മുതൽ 2017 മാർച്ച് വരെയും ഉള്ള കാലയളവിൽ ട്രെയിനിംഗിൽ പങ്കെടുത്ത ജീവനക്കാരുടെ ബില്ലുകൾ മാറി നൽകുന്നതിന് യഥാസമയം മേലൊപ്പ ചാർത്തി ലഭ്യമായിരുന്നെങ്കിലും ടി.എ ശീർഷകത്തിൽ നിന്നും പരീക്ഷ ഉൾപ്പെടെയുള്ള ടൂർ സംബന്ധമായ ബില്ലുകൾ മുൻഗണനാ ക്രമത്തിൽ മാറി നൽകിയിരുന്നതിനാൽ, ഫണ്ടിന്റെ അഭാവം മൂലം ട്രെയിനിംഗുമായി ബന്ധപ്പെട്ട ബില്ലുകളിലെ തുക, യാത്ര നടത്തി 2 വർഷത്തിനകം മാറാൻ സാധിച്ചിരുന്നില്ല. 2 വർഷക്കാലാവധി കഴിഞ്ഞതിനാൽ ടി ബില്ലുകൾക്ക് സർക്കാരിൽ നിന്നും പ്രീ-ഓഡിറ്റ് അനുമതി നല്കി, തുക മാറി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ